ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ജനറൽ കേഡറിലെ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളിൽ ജൂലൈ മാസത്തിൽ പഠനം പൂർത്തിയാക്കി വരുന്ന ഡോക്ടർമാർക്ക് നിയമന ഉത്തരവ് നൽകിവരുന്നു. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ച 47 ഉദ്യോഗാർത്ഥികളിൽ 10 പേർ മാത്രമാണ് 4-7-2015-ൽ നടത്തിയ കൗൺസിലിംഗിലൂടെ നിയമന ഉത്തരവ് നേടിയത്. ടി ഡോക്ടർമാരും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിയമിതരായിട്ടുണ്ട്. നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകളിലേയ്ക്ക് ആശ്രുപത്രി പ്രവർത്തനങ്ങൾക്ക് തടസം നേരിടാതിരിക്കുന്നതി ലേയ്ക്കായി എൻ.ആർ.എച്ച്.എം. മുഖേനയും അഡ്ഹോക്ക് മുഖേനയും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഹെഡ്നേഴ്സിന്റെ പ്രൊമോഷൻ നൽകുന്ന തിനുള്ള നടപടിയും ആരംഭിച്ചുകഴിഞ്ഞു. ഹെഡ്നേഴ്സുമാരായി പ്രൊമോഷൻ നൽകുന്ന മൂലം വരുന്ന സ്റ്റാഫ് നേഴ്സ് ഗ്രേഡ് I-ന്റെ ഒഴിവ് നികത്തുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. ഇതുമൂലമുണ്ടാകുന്ന സ്റ്റാഫ് നേഴ്സ് ഗ്രേഡ്-II-ന്റെ ഒഴിവിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് -II-ന് പ്രൊമോഷൻ നൽകി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-I-ന്റെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. ജെ.പി.എച്ച്.എൻ ഗ്രേഡ്-II-ന്റെ ഒഴിവിലേയ്ക്ക് സൂപ്പർന്യൂമററി തസ്തികയിൽനിന്നും പി.എസ്.സി. വഴിയും നിയമനം നൽകുന്നതാണ്. മറ്റ് ഒഴിവുള്ള തസ്തികകളിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നൽകുന്നതാണ്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II-ന്റെ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്മുഖേനയും നിയമനം നടത്തി ആശ്രുപത്രി കളുടെ പ്രവർത്തനത്തിന് തടസ്സം നേരിടാതെ സേവനം ഉറപ്പാക്കിവരുന്നു.

സ്റ്റാഫ് നഴ്സുമാർക്ക് പ്രസവ അവധി

53 (3484) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം. മുഖേന നിയമിതരാവുകയും പിന്നീട് ആർ.എസ്.ബി.വൈ. സ്കീമിൽ ഉൾപ്പെടുത്തി സ്റ്റാഫ് നേഴ്സുമാരായി സേവനം അനുഷ്ഠിച്ചും വരുന്നവർക്ക് ശമ്പളത്തോടുകൂടി പ്രസവ അവധി നൽകുവാൻ വ്യവസ്ഥയുണ്ടോ ; എങ്കിൽ എത്ര ദിവസമാണ് ഇപ്രകാരം അവധി നൽകുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസവ അവധി ഇവർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് നൽകുമോ ;

(സി) ഒരു വർഷത്തിലധികം സർവ്വീസുള്ളതും ഇപ്പോൾ സേവനത്തിൽ തുടരുന്നതുമായ ഇവർക്ക് ശമ്പളത്തോടുകൂടി പ്രസവ അവധി നൽകുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ചെറുതാഴം പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം

54 (3485) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കെട്ടിട നിർമ്മാണം എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമ പഞ്ചായത്തിൽ പിലാത്തറയിൽ തദ്ദേശസ്വയംഭരണ വകുപ്പ് വിട്ടുനൽകിയ 75 സെന്റ് സ്ഥലത്ത് ഗവൺമെന്റ് പാരാമെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള കെട്ടിടം പണിയുന്നതിനായി 455 ലക്ഷം രൂപ വകയിരുത്തുകയും പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലശ്ശേരിക്ക് 13-10-2014-ന് ഫണ്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയുമുണ്ടായി. കെട്ടിട നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പ് അധികൃതരോട് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കെട്ടിടം നിർമ്മാണത്തിനുള്ള ടെണ്ടർ പൊതുമരാമത്ത് വകുപ്പിൽനിന്നും അംഗീകരിച്ചുവരുന്നതോടെ നിർമ്മാണ നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly